ആഗസ്റ്റ് 2025

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

സ്വാതന്ത്ര്യത്തിന്റെ 79-ാം വർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ആയുധത്തേക്കാളുപരി ആശയങ്ങളിലൂടെ സാമ്രാജ്യത്വത്തെ വെല്ലുവിളിച്ച നമ്മുടെ ധീര മാതാപിതാക്കളെ നമുക്ക് ഓർക്കാം. സഹനത്തിന്റെയും ചെറുത്തുനില്പിന്റെയും ആകെത്തുകയായിരുന്നു നമ്മുടെ സ്വാതന്ത്ര്യം. രവീന്ദ്രനാഥ ടാഗോർ പറഞ്ഞതുപോലെ പരിപൂർണമായി രാജ്യത്തിന്റെ വില നല്കിതന്നെ നാം നേടിയതാണ് സ്വാതന്ത്ര്യം. ബോംബിനെക്കാളും വാളുകളെക്കാളും മൂർച്ചയേറിയതാണ് സഹനത്തിൽ വേരുറച്ച മനുഷ്യ കൂട്ടായ്മ എന്ന് തെളിയിച്ച ചരിത്രത്തിലെത്തന്നെ ഏറ്റം സംഘടിതമായ മുന്നേറ്റമായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമരം. സ്വാതന്ത്ര്യത്തിന്റെ രണഭൂവിൽ അനേകർ പട്ടുപോയിട്ടും പ്രതികാര മനോഭാവമില്ലാതെ സഹിഷ്ണതയോടു തങ്ങളുടെ ലക്ഷ്യം നേടിയെടുക്കുവാൻ പരിശ്രമിച്ച ധീര യോദ്ധാക്കളുടെ മുന്നേറ്റമായിരുന്നു അത്. എന്നാൽ 78 സംവത്സരങ്ങൾ പിന്നിടുമ്പോൾ സഹനത്തിന്റെ ബാലപാഠങ്ങൾ മറന്നുപോയ ഒരു സമൂഹമായല്ലേ നാം ഇന്ന് ജീവിക്കുന്നത്? വ്യത്യസ്ത സമൂഹങ്ങൾക്കിടയിൽ അസഹിഷ്ണത ഏറിവരുമ്പോൾ നാം നേടിയെടുത്ത സ്വാതന്ത്ര്യം വെറുമൊരു കിനാവായിരുന്നോ എന്ന സംശയം നമ്മെ ഭരിക്കുന്നില്ലേ? അസഹിഷ്ണതയുടെയും ആധിപത്യത്തിന്റെയും വിത്തുപാകുന്നവർ ഏറിവരുമ്പോളും അതിനെ ധീരമായി പ്രതിരോധിക്കുന്ന ആത്മാവിനുടമകളാകുമ്പോൾ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണം സാധ്യമാകയുള്ളു. ഏവർക്കും സ്വാതന്ത്ര്യ ദിനാശംസകൾ അറിയിക്കുന്നു.

അടുത്തകാലത്തായി കേരളത്തിലെ ആരോഗ്യരംഗം പ്രതീക്ഷിക്കാത്ത ചില തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുന്നത് ഏറെ ദുഖകരമാണ്. ബലക്ഷയമുള്ള കെട്ടിടങ്ങളും ആവശ്യത്തിന് മരുന്നുകൾ ലഭ്യമല്ലാത്തതും ഒക്കെ ഏറെ വിമർശനം ക്ഷണിച്ചു വരുത്തുന്നു. കോട്ടയം മെഡിക്കൽ കോളേജിലെ ശുചിമുറി തകർന്നു വീണ് ബിന്ദു എന്ന മധ്യവയസ്കയായ സ്ത്രീ മരിക്കാനിടയായ സാഹചര്യം ഖേദകരമാണ്. നിലവിലുള്ള കെട്ടിടങ്ങൾ ബലപ്പെടുത്തുന്നതിലും പുതിയ കെട്ടിടങ്ങൾ പണിയുന്നതിലും ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. മനുഷ്യർ കൂടിവരുന്ന സ്ഥലങ്ങളിൽ പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളുടെ പട്ടിക തയ്യാറാക്കി കൃത്യമായി പാലിക്കുവാൻ അധികാരികൾക്കാവണം. നമ്മുടെ പള്ളിക്കെട്ടിടങ്ങളും, പള്ളിക്കൂടങ്ങളും, മറ്റുസ്ഥാപനങ്ങളും ഇത് ശ്രദ്ധിക്കുന്നത് ഉചിതമാണ്. ഒരാപത്തു വന്നതിനുശേഷം ആരെയും കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ലല്ലോ.

കാലാവസ്ഥാ വ്യതിയാനം നമ്മുടെ ജീവിത ക്രമത്തെ താളം തെറ്റിക്കും എന്ന യാഥാർത്ഥ്യം നാം ഇപ്പോൾ അഭിമുഖീകരിക്കുകയാണ്. കേരളത്തിൽ ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിലുള്ള കാലവർഷവും കാറ്റും അനേക കുടുംബങ്ങളുടെ നിത്യ വരുമാനത്തെ ബാധിച്ചിരിക്കുന്നു. ചോരുന്ന ഭവനങ്ങളും കാറ്റിൽ തകർന്ന മേൽക്കൂരകളും ഒക്കെ ഏറെ വേദനാജനകമാണ്. കാട്ടുതീയും കൊടുങ്കാറ്റുമൊക്കെ വിവിധ രാജ്യങ്ങളിലായി നിത്യ ജീവിതത്തെ ബാധിക്കുന്നു. ഇടവകയിലെ കൂട്ടായ്മകളിലൂടെ പ്രതിസന്ധി നേരിടുന്ന നമ്മുടെ ജനതയ്ക്ക് കൈത്താങ്ങൽ കൊടുക്കുവാൻ നമുക്കാകണം. അന്യോന്യമുള്ള കരുതലിൽ കരുത്തു നേടുന്നവരായി നമുക്കു മാറാം. ദൈവം അതിനു നമ്മെ സഹായിക്കട്ടെ.

മാർത്തോമ്മാ സഭാ ആസ്ഥാനത്ത് ഡിജിറ്റൽ ആർക്കൈവ്സ് പ്രവർത്തനം ആരംഭിച്ചു. സഭാ ആനിമേഷൻ സെന്ററിന്റെയും മ്യൂസിയത്തിന്റെയും നേതൃത്വത്തിൽ ഒരു വർഷം നീണ്ട പരിശ്രമത്തിലാണ് ഡിജിറ്റൽ ആർക്കൈവ്സ് സജ്ജമായത്. മാർത്തോമ്മാ സഭയുടെ ആവിർഭാവത്തിന്റെയും വളർച്ചയുടെയും വിവിധ ഘട്ടങ്ങളെ അടയാളപ്പെടുത്തുന്നതാണ് ഈ ആർക്കൈവ്സ്. ഇന്നലകളിലെ അനുഭവങ്ങൾ ഇന്നിന്റെ വിഭവങ്ങളാണ്. വരും തലമുറയുടെ സ്വത്വ രൂപീകരണത്തിനും വിശ്വാസ ജീവിത ആവിഷ്ക്കാരത്തിനും സഹായകരമാകുന്ന ഉൾക്കാഴ്ചകളുടെ കലവറയാണിത്. ഗവേഷണത്തിനും തുടർപഠനങ്ങൾക്കും ദൈവരാജ്യപ്രവർത്തനങ്ങൾക്കും പ്രചോദനമായി

ഈ ആർക്കൈവ്സ് നമ്മുടെ വിരൽത്തുമ്പിലുണ്ട്. സഭയുടെ പ്രസിദ്ധീകരണങ്ങളായ സഭാ താരക, സന്ദർശിനി, സുവിശേഷദൂതൻ, യുവദീപം, വനിതാ ബോധിനി തുടങ്ങിയവയും പൗരാണിക രേഖകളും അമൂല്യ ഗ്രന്ഥങ്ങളും ഡിജിറ്റലൈസ് ചെയ്ത് ആർക്കും വായിക്കാവുന്ന വിധം സജ്ജമാക്കിയിട്ടുണ്ട്. ഇതിന് നേതൃത്വം നല്കിയ ആനിമേഷൻ സെന്റർ ഡയറക്ടർ റവ. റെൻസി തോമസിനെയും ആനിമേഷൻ സെന്റർ കമ്മിറ്റിയെയും അഭിനന്ദിക്കുന്നു. ഇടവകകളുടെ റീവൈറ്റിലൈസേഷൻ പ്രോഗ്രാമുകൾ ആനിമേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്. ആയതിന് ഇടവക വികാരിമാരും കൈസ്ഥാന സമിതിയും മുൻകൈ എടുത്ത് ക്രമീകരണങ്ങൾ ചെയ്യണം.

മെത്രാപ്പൊലീത്തയുടെ പട്ടത്വ സുവർണ്ണ ജൂബിലിയുടെ ഭാഗമായി സഭ ആവിഷ്കരിച്ച അഭയം ഭവനദാന പദ്ധതി അനുഗ്രഹകരമായി പുരോഗമിക്കുന്നു. 75 ഭവനങ്ങളുടെ നിർമ്മാണത്തിനാണ് പ്രാരംഭ ആലോചനകൾ നടത്തിയിരുന്നതെങ്കിലും അപേക്ഷകരുടെ ബാഹുല്യവും സുമനസ്സുകളുടെ സഹകരണവും മൂലം 75 ൽ നിന്നും 150 എന്ന ലക്ഷ്യത്തിലേക്ക് പദ്ധതി വളർന്നുകൊണ്ടിരിക്കുന്നു. അതിൽ 104 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൂദാശ നിർവ്വഹിച്ച് ഗുണഭോക്താക്കൾക്ക് നല്കി. ബാക്കിയുള്ള 46 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ആയതിന് ഏകദേശം 2. 5 കോടി രൂപ ഇനിയും ആവശ്യമാണ്. അഭയം പദ്ധതിയുടെ ചുമതലക്കാരായി പ്രവർത്തിച്ച എല്ലാവരോടും വിശേഷാൽ വികാരി ജനറൽ അച്ചന്മാർ, റവ. വി. എസ്. സ്കറിയ, എഞ്ചിനിയേഴ്സ്, സൂപ്പർവൈസേഴ്സ് എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. 2025 ആഗസ്റ്റ് 1 മുതൽ ഭവന നിർമ്മാണത്തിന്റെ മേൽനോട്ടം മെത്രോപ്പോലീറ്റൻ ഫണ്ട് കമ്മിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നടത്തുന്നത്. പഠന സഹായ പദ്ധതിയായ ലക്ഷ്യ പ്രോജക്ടിലൂടെ 69 വിദ്യാർത്ഥികളെ ഉപരിപഠനത്തിന് സഹായിക്കുന്നു. അവരുടെ നിലവിലുള്ള കോഴ്സ് പൂർത്തിയാക്കുന്നതുവരെ സാമ്പത്തിക സഹായം തുടരേണ്ടത് ആവശ്യമാണ്. പുതിയ അദ്ധ്യയന വർഷത്തേക്ക് 40 വിദ്യാർത്ഥികൾ വിദ്യാഭ്യാസ സഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്. ഈവിധ ആവശ്യങ്ങളിൽ ക്രിയാത്മകമായി പ്രവർത്തിക്കുന്നതിന് കൂടുതൽ ആളുകൾ സാമ്പത്തിക സഹായം നൽകുന്നത് അഭിലഷണീയമാണ്.

സഭാ പ്രതിനിധി മണ്ഡലം സെപ്റ്റംബർ മാസം 2, 3 & 4 തീയതികളിൽ തിരുവല്ല അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ഹാളിൽ വച്ച് നടക്കുകയാണല്ലോ. സഭാ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുവാനുള്ള വാർഷിക മീറ്റിംഗാണല്ലോ മണ്ഡലയോഗം. മണ്ഡലാംഗങ്ങൾ എല്ലാവരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കുവാൻ ഉത്സാഹിക്കണമെന്നു താല്പര്യപ്പെടുന്നു. വിമർശനാത്മകമായ പങ്കാളിത്തം പ്രതീക്ഷിക്കുമ്പോൾ അത് സഭയെ ജനസമൂഹത്തിൽ താറടിച്ചുകാണിക്കുന്ന അനുഭവമാക്കി മാറ്ററുത്. പ്രത്യുത സഭയുടെ മുന്നോട്ടുള്ള ഗമനത്തിനു സഹായകരമായ ക്രിയാത്മക നിർദ്ദേശങ്ങൾ ഉയർന്നുവരട്ടെയെന്നു പ്രാർത്ഥിക്കുന്നു. വ്യത്യസ്ത പരിസ്ഥിതികളിൽ നിന്നും വരുന്ന വ്യത്യസ്ത അഭിപ്രായങ്ങളും വ്യത്യസ്ത കാഴ്ചപ്പാടുകളുമുള്ളവരുടെ കൂട്ടമാണല്ലോ സഭാ മണ്ഡലം. അതുകൊണ്ടു തന്നെ വ്യത്യസ്തതകളെ കേൾക്കാനും അവയെ മാനിക്കാനുമുള്ള മനസ്സൊരുക്കം നമുക്കുണ്ടാകണം. വ്യക്തിതാല്പര്യങ്ങൾക്കപ്പുറമായി സഭയുടെ പൊതുവായ നന്മകളെ ലക്ഷ്യമിട്ടു പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. സഭ സമൂഹത്തിന് വേണ്ടിയാണല്ലോ നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ സമൂഹം അഭിമുഖീകരിക്കുന്ന എല്ലാ പ്രതിസന്ധികളും സഭയുടെ പ്രതിസന്ധികൂടെയാണ്. ഇത്തരം പ്രതിസന്ധികളിലാണ് സഭയുടെ ദൗത്യം വെളിവാകേണ്ടത്. കാലഘട്ടത്തിന്റെ സമസ്യകളെ തിരിച്ചറിഞ്ഞു പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ സഭയെ സജ്ജമാക്കേണ്ട ഉത്തരവാദിത്വം ഓരോ മണ്ഡല അംഗത്തിനും ഉണ്ട്. തുറന്ന മനസ്സോടെ അതിലുപരി പ്രാർത്ഥനയോടുകൂടെ ഈ വാർഷിക കൂടിവരവിൽ സംബന്ധിക്കുവാൻ ദൈവം ഏവരെയും ശക്തീകരിക്കട്ടെ.

സെറാംപൂർ സർവ്വകലാശാലയുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. നമ്മുടെ സെമിനാരികളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് ബി. ഡി., എം. റ്റി. എച്ച്., കോഴ്സുകൾക്ക് ഫസ്റ്റ് ക്ലാസ്സുകളുൾപ്പടെ ഉന്നത വിജയംകൈവരിക്കുവാൻ സാധിച്ചു എന്നത് അഭിമാനകരമാണ്. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു. വൈദീക പാഠശാലകളുൾപ്പെടെ നമ്മുടെ എല്ലാ വിദ്യാലയങ്ങളുടെയും ഭൗതീക സാഹചര്യങ്ങളും പാഠ്യ - പാഠ്യേതര പദ്ധതികളും കൂടുതൽ മെച്ചപ്പെടുത്തുവാനുണ്ട്. മാർത്തോമ്മാ തിയളോജിക്കൽ സെമിനാരിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടു നില്കുന്ന വിവിധ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനാഗ്രഹിക്കുന്നു. ഹ്രസ്വകാല ഓൺലൈൻ പഠന പദ്ധതികൾ, പ്രീ-സെന്റിനറി കോഴ്സുകളായി ക്രമീകരിച്ചിട്ടുണ്ട്. പരമാവധി ആളുകൾ ഈ പഠനം പ്രയോജനപ്പെടുത്തണം. ശതാബ്ദി സ്മാരകമായി സീനായി ശതാബ്ദി ഭവൻ എന്ന പേരിൽ ഒരു മെസ് ഹാളും ഏതാനും ഗസ്റ്റ് മുറികളും നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നു. ഇവയെല്ലാം നമ്മുടെ പ്രാർത്ഥയിൽ ഓർക്കുകയും പദ്ധതികളിൽ ആത്മാർത്ഥമായി സഹകരിക്കുകയും വേണം. പൊതു വിദ്യാലയങ്ങളുടെ പുരോഗതി ഉറപ്പാക്കുവാൻ പ്രാദേശിക ഇടവകകൾക്ക് കൂടുതൽ ഇടപെടലുകൾ നടത്താവുന്നതാണ്.

നമ്മുടെ സഹോദരി സഭയായ ദക്ഷിണ കേരളാ മഹായിടവകയുടെ (സി.എസ്.ഐ.) പുതിയ മോഡറേറ്റർ ആയി കരിംനഗർ ബിഷപ്പും ഇപ്പോൾ ഡെപ്യൂട്ടി മോഡറേറ്ററുമായിരിക്കുന്ന ഡോ. രൂബേൻ മാർക്ക് തെരഞ്ഞെടുക്കപ്പെട്ടു. അടുത്തുവരുന്ന ആറുമാസത്തേക്കാണ്

നിയമനം. നമ്മുടെ മാരാമൺ കൺവെൻഷനിൽ പ്രസംഗകനായി സംബന്ധിച്ചിട്ടുള്ള അദ്ദേഹം നമ്മുടെ സഭയുടെ ഒരു ഉത്തമ സുഹൃത്താണ്. സഭയുടെ എല്ലാവിധ ആശംസകളും അർപ്പിക്കുന്നു. കഴിഞ്ഞ കുറേക്കാലമായി റീസിവർ ഭരണത്തിലായിരുന്ന പ്രസ്തുത സഭ ഒരു ജനാധിപത്യ ഭരണക്രമത്തിലേക്കു തിരികെ വരുന്നത് ഏറെ സന്തോഷകരമത്രെ. ലഭ്യമായ കാലയളവിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു സഭയെ പുതിയ പന്ഥാവിൽ നയിക്കുവാൻ പുതിയ നേതൃത്വത്തിനാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ സെക്കന്തരാബാദ് - ഹൈദരാബാദ് മാർത്തോമ്മാ ഇടവകാംഗവും തെലുങ്കാന ഹൈകോർട്ട് സീനിയർ ജഡ്ജുമായ ജസ്റ്റിസ് പി. സാം കോശി തെലുങ്കാന ഹൈക്കോടതിയുടെ ആക്ടിംഗ് ചീഫ് ജസ്റ്റിസായി നിയമിതനായി. ചെറിയ ഒരു കാലയളവിലേക്കായിരുന്നു പ്രസ്തുത നിയമനം എങ്കിലും ഇത് വലിയ ഒരു അംഗീകാരം തന്നെയാണ്. അദ്ദേഹം 2013 ൽ ഛത്തീസ്ഘട്ട് ഹൈക്കോടതി ജഡ്ജായി നിയമിതനാകുകയും 2023 ൽ തെലുങ്കാന ഹൈക്കോടതിയിലേക്ക് സ്ഥലം മാറി വരികയുമാണുണ്ടായത്. ജസ്റ്റിസ് പി. സാം കോശിയെ മാർത്തോമ്മാ സഭയുടെ പേരിൽ അഭിനന്ദിക്കുന്നു.

മലങ്കര കത്തോലിക്ക സഭ മാവേലിക്കര രൂപതയുടെ പ്രഥമ രൂപതാധ്യക്ഷ ശുശ്രൂഷയിൽ നിന്ന് വിരമിച്ച നിലയ്ക്കൽ എക്യൂമിനിക്കൽ ട്രസ്റ്റ് വൈസ് പ്രസിഡന്റ് അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പൊലീത്തായ്ക്ക് നിലയ്ക്കൽ എക്യൂമെനിക്കൽ സെന്റർ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പൂലാത്തിനിൽ വെച്ച് യാത്രയയപ്പ് നൽകി. അഭിവന്ദ്യ ബിഷപ്പ് ജോസ് പുളിക്കൽ, അഭിവന്ദ്യ ബിഷപ്പ് ഡോ. മലയിൽ സാബു കോശി ചെറിയാൻ, അഭിവന്ദ്യ ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പൊലീത്ത, മാർത്തോമ്മാ സഭാ സെക്രട്ടറി റവ. എബി. ടി. മാമ്മൻ, ഫാ. ജോൺസൺ കല്ലിട്ടതിൽ കോർ എപ്പിസ്കോപ്പാ എന്നിവരും ട്രസ്റ്റ് ഭാരവാഹികൾ, കമ്മിറ്റി അംഗങ്ങൾ എന്നിവരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിച്ചു. നിലയ്ക്കൽ എക്യൂമെനിക്കൽ ദൈവാലയം ആന്റ് എക്യൂമെനിക്കൽ സെന്റർ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 28 മുതൽ ജൂലൈ 3 വരെ സെന്റ് തോമസ് ദിനാഘോഷം നടത്തി. ജൂലൈ 2-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ നിലയ്ക്കൽ ദൈവാലയത്തിൽ വെച്ച് വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നല്കി. സമീപ ഇടവകകളിൽ നിന്നും അനേകർ ടി ശുശ്രൂഷയിൽ സംബന്ധിച്ചു.

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഓക്സിലിയറിയുടെ 69-ാമത് വാർഷിക സമ്മേളന സ്തോത്ര ശുശ്രൂഷയും, സപ്തതി ജൂബിലിയുടെ ഉദ്ഘാടനവും മാവേലിക്കര മാർത്തോമ്മാ ഓഡിറ്റോറിയത്തിൽ വച്ച് 2025 ജൂലൈ മാസം 12-ാം തീയതി നടത്തി. 2024-2025 സാമ്പത്തിക വർഷത്തിൽ കേരള ഓക്സിലിയറിക്ക് നിശ്ചയിച്ച വിഹിതത്തിലും അധികം ധനസമാഹരണം എല്ലാ സഭകളുടെയും ആത്മാർത്ഥമായ പ്രാർത്ഥനയാലും, അശ്രാന്ത പരിശ്രമത്താലും നടത്തുവാനും; പ്രസ്തുത തുക കേന്ദ്ര ഓഫീസിൽ അടയ്ക്കുവാനും സാധിച്ചു. കേരള ഓക്സിലിയറിയുടെ സപ്തതി ആഘോഷത്തിന്റെ ഭാഗമായുള്ള 10 ഇന കർമ്മ പദ്ധതികൾ 69-ാമത് വാർഷിക സമ്മേളനത്തിൽ വെച്ച് ഉദ്ഘാടനം ചെയ്തു. ജൂബിലി ആഘോഷങ്ങൾ ദൈവനാമ മഹത്വത്തിനായി ത്തീരുവാൻ ഏവരുടെയും പ്രാർത്ഥനാ പൂർവ്വമായ സഹകരണം നല്കണം. ശീഘ്രഗതിയിൽ മാറ്റങ്ങൾക്ക് വിധേയമാകുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. പലകാരണങ്ങളാൽ ദൈവവചനത്തെ ദുർബലമായിക്കാണുന്ന സാഹചര്യങ്ങൾ വർദ്ധിക്കുന്നു. ഒരു മടങ്ങിവരവ് നമുക്കാവശ്യമാണ്. ദൈവവചനം നല്കുന്ന തിരിച്ചറിവിന്റെ വരമുള്ളവരായി ജീവിക്കുക എന്നതാണ് പ്രധാനം. യേശു ക്രിസ്തു തന്റെ ജീവിതത്തിൽ അഭിമുഖീകരിച്ച പരീക്ഷകളെ അതിജീവിച്ചത് വചന ബലത്തിലാണ്. വചനാധിഷ്ഠിത ജീവിതത്തിൽ അഭിമാനം കൊള്ളുന്ന ഒരു തലമുറ ഉണ്ടാകണം. വചനം വായിക്കുന്നതിനും പങ്കിടുന്നതിനും വചനാനുസൃതം ജീവിക്കുന്നതിനുമുള്ള അവസരവും പ്രേരണയും നല്കുകയാണ് ബൈബിൾ സൊസൈറ്റിയുടെ ലക്ഷ്യം.

നീതിക്ക് വേണ്ടി ധീരമായി പോരാടിയിരുന്ന കേരളത്തിന്റെ മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ തന്റെ 101-ാം വയസ്സിൽ കാലയവനികക്കുള്ളിലായി. സമരങ്ങളിലൂടെ നടന്നു നീങ്ങിയ ജനവികാരത്തിന്റെ നേതാവായിരുന്നു അദ്ദേഹം. തന്റെ നേതൃത്വം കാലഘട്ടങ്ങളെ രൂപാന്തരപ്പെടുത്താനുള്ള ആഴമേറിയ ദർശങ്ങളുടെ പ്രതിഫലനം ആയിരുന്നു. പ്രതിപക്ഷ നേതാവായും മുഖ്യമന്ത്രിയായും പ്രവർത്തിച്ച അദ്ദേഹം എല്ലാ അവസരങ്ങളിലും ജനത്തോടൊപ്പം നിന്നു. സ്വന്തം പാർട്ടി നേതൃത്വത്തെ പലപ്പോഴും വെല്ലുവിളിച്ചു പോലും താൻ വിശ്വസിച്ചിരുന്ന ആശയ സംഹിതകൾക്കുവേണ്ടി അദ്ദേഹം അടിയുറച്ചുനിന്നു. എല്ലാ തൊഴിലാളികളുടെയും ഉന്നമനത്തിനായി പ്രവർത്തിച്ചു. ശ്രീ. വി.എസ്. അച്യുതാനന്ദന്റെ ദേഹവിയോഗത്തിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കൽദായ സുറിയാനി സഭയുടെ ആർച്ച് ബിഷപ്പ് ഡോ. മാർ അപ്രേം പിതാവിന്റെ ദേഹ വിയോഗം ക്രൈസ്തവ സമൂഹത്തിനാകമാനം വലിയ ഒരു നഷ്ടമാണ്. തിരുമേനി നല്ല ഒരു സംഗീത ആസ്വാദകനും ഗാന രചയിതാവും കേരള ക്രൈസ്തവ സഭാ വിഭാഗങ്ങളെ ഒരുമിച്ച് നിർത്തുന്നതിൽ തല്പരനുമായിരുന്നു. മാർ അപ്രേം തിരുമേനി മാർത്തോമ്മാ സഭയുടെ ഉത്തമ സുഹൃത്തായിരുന്നു. മാരാമൺ കൺവൻഷനിൽ ഏറ്റവും കൂടുതൽ കാലം പങ്കെടുത്തിട്ടുള്ള സഹോദരീ സഭയിലെ ബിഷപ്പ് എന്ന് അപ്രേം മെത്രാപ്പോലീത്തായെ വിശേഷിപ്പിക്കാം. മാരാമൺ കൺവൻഷൻ യോഗങ്ങളിൽ ക്രമമായി പങ്കെടുക്കുകയും, മാരാമണ്ണിൽ പാർത്ത് യോഗങ്ങളിൽ സംബന്ധി

ക്കുകയും ചെയ്യുക പതിവായിരുന്നു. എക്യൂമെനിക്കൽ സമ്മേളനം, സാമൂഹ്യ തിന്മകൾക്കെതിരായുള്ള സമ്മേളനം എന്നിവ ഉൾപ്പെടെ വിവിധ മീറ്റിംഗുകൾക്ക് നേതൃത്വം നല്കിയിട്ടുമുണ്ട്. കേരളത്തിലുടനീളം എക്യൂമെനിക്കൽ പ്രവർത്തനങ്ങളിലും മദ്യവർജ്ജന പ്രസ്ഥാനത്തിലും തിരുമേനി സജീവ സാന്നിദ്ധ്യമായിരുന്നു. ജബൽപൂർ ലിയൊനാർഡ് തിയളോജിക്കൽ കോളേജിലെ പൂർവ്വ വിദ്യാർത്ഥി എന്ന നിലയിൽ എല്ലാ വർഷവും പൂർവ്വ വിദ്യർത്ഥി സംഗമം മാരാമൺ മണൽപ്പുറത്ത് ക്രമീകരിക്കുകയും നേതൃത്വം നല്കുകയും ചെയ്തിരുന്നു. ആർച്ച് ബിഷപ്പ് മാർ അപ്രേം മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ കൽദായ സുറിയാനി സഭയുടെ ദുഖത്തിൽ പങ്ക് ചേരുകയും മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. നമ്മുടെ സഭയിലെ സീനിയർ വൈദീകരിൽ ഒരാളായ ബഹുമാനപ്പെട്ട റവ. വി. എസ്. ജോൺ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. കർത്താവേല്പിച്ച ശുശ്രൂഷ അനുഗ്രഹകരമായി നിർവ്വഹിച്ച വൈദീകശ്രേഷ്ഠനായിരുന്നു അദ്ദേഹം. അച്ചന്റെ ധന്യമായ ജീവിതത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുകയും മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ആഗസ്റ്റ് മാസത്തിലെ സഭയുടെ പ്രധാന ധ്യാന വിഷയം സഭാ ദൗത്യം എന്നുള്ളതു തന്നെയാണ്. ആന്തരികമായി ശക്തീകരിക്കപ്പെടുന്ന സഭയ്ക്ക് മാത്രമേ, പ്രേക്ഷിത ദൗത്യം നിറവേറ്റാൻ കഴിയുകയുള്ളൂ. ആഗസ്റ്റ് 3 മിഷൻ സൺഡേ ആയി ആചരിക്കുന്നു. ലോകത്തിൽ ക്രിസ്തു സാന്നിധ്യമായി ഇരിക്കേണ്ടതിനാണ് സഭ നിയോഗിതമാകുന്നത്. പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെ പോലെ കളങ്കമില്ലാത്തവരും ആയിരിക്കണം എങ്കിൽ ക്രിസ്തുഭാവം ഉള്ളവരായിരിക്കേണ്ടത് ഉണ്ട്. യേശുവിൽ പിതാവിന്റെ ആത്മാവ് വസിച്ചത് പോലെ അയയ്ക്കപ്പെടുന്ന സഭയിൽ പരിശുദ്ധാത്മ സാന്നിധ്യം ഉണ്ടാകേണ്ടതുണ്ട്. പീഡനങ്ങളും ആഭ്യന്തര പ്രശ്നങ്ങളും ഉണ്ടായേക്കാവുന്ന സാഹചര്യത്തിലും ആത്മശക്തിയാൽ പ്രേക്ഷിത യാത്ര നടത്തുന്ന സഭ ആയിരിക്കുവാൻ നമ്മെ വിളിച്ചിരിക്കുന്നു.


ആഗസ്റ്റ് 10-ാം തീയതി ഞായറാഴ്ച, 'രാഷ്ട്ര നിർമ്മിതിയിൽ ക്രൈസ്തവ പങ്കാളിത്തം' എന്ന വിഷയമാണ് ധ്യാനിക്കുന്നത്. വ്യവസ്ഥാപിത നിയമവാഴ്ചയോടുള്ള ആദരവ് സൂക്ഷിക്കുകയും രാഷ്ട്ര നന്മയ്ക്കായി ഉൾച്ചേരുകയും ചെയ്യേണ്ടത് സഭയുടെ കർത്തവ്യമാണ്. വിധ്വംസക പ്രവണതകൾ വർദ്ധിച്ചു വരുന്ന കാലഘട്ടങ്ങളിൽ, ഐക്യതയുടെയും നന്മയുടെയും വക്താക്കളാകാൻ സഭാ മക്കൾക്ക് കഴിയേണ്ടതുണ്ട്. ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിന ആഘോഷങ്ങൾ നടക്കുമ്പോൾ, നമുക്ക് ലഭിക്കുന്ന സ്വാതന്ത്ര്യത്തെ, ദുരുപയോഗപ്പെടുത്താതെ സ്വതന്ത്രരായി നിലനിൽക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ആഗസ്റ്റ് 17 ഞായർ നവീകരണ ദിനമായി സഭ ആചരിക്കുമ്പോൾ നിരന്തരം ശുദ്ധീകരിക്കപ്പെടേണ്ട സഭാ സ്വത്വത്തെ കുറിച്ചാണ് നാം ധ്യാനിക്കുന്നത്. ലോകത്തിൽ ശുശ്രൂഷ ചെയ്യുവാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭ ലോകമയത്വത്തിൽ വീണു പോകാതിരിക്കുവാൻ കരുതൽ ഉള്ളവരായിരിക്കേണ്ടതുണ്ട്. ദൈവസ്നേഹത്തിന്റെ പ്രായോഗിക ആവിഷ്കാരങ്ങൾ നടത്തുവാൻ സഭ വിളിക്കപ്പെടുമ്പോൾ, സഭയുടെ പ്രാർത്ഥനാ ഭാവം നഷ്ടപ്പെട്ടു കൂടാ. യെരുശലേം ദേവാലയത്തിൽ അപ്രകാരമുള്ള സ്വത്വ നഷ്ടം സംഭവിച്ചപ്പോൾ, യേശു തമ്പുരാൻ അതിനെ ശുദ്ധീകരിക്കുവാൻ ശ്രമിച്ചതാണ് നമ്മുടെ മുമ്പിലുള്ള അനുകരണീയ മാതൃക. ആത്മ വിമർശനവും, ദൈവ കേന്ദ്രീകൃതമായ സ്വത്വ ശുദ്ധീകരണവും ആണ്, ഉണ്ടാകേണ്ടത്. മലങ്കര സഭയിൽ ഈ ദിശയിലുള്ള മാറ്റമാണ് നവീകരണത്തിലൂടെ സംഭവിച്ചത്. അതിന്റെ സ്മരണകൾ ഇന്നും സഭയെ ചൈതന്യ നിർഭരം ആക്കട്ടെ.

ആഗസ്റ്റ് 24-ാം തീയതി, വിശുദ്ധ കുർബാന, നിത്യജീവനായയുള്ള ആഹാരം എന്നതാണ് ധ്യാന വിഷയം. സഭ വിളിക്കപ്പെട്ടിരിക്കുന്നത്, ഒരു 'വിശുദ്ധ കുർബാന സമൂഹ'മായിരിക്കുവാനാണ്. ദൈവകൃപയുടെ വലിയ കൂദാശയിലൂടെയാണ്, സഭ ഐക്യപ്പെടുന്നതും ദൗത്യ നിർവഹണത്തിനുവേണ്ടി ശക്തീകരിക്കപ്പെടുന്നതും. ദർശന പുതുക്കം പ്രാപിക്കുന്നതും വിശുദ്ധ മേശയുടെ അനുഭവത്തിലൂടെയാണ്. കേവല ഭൗതികതയുടെ കിനാവള്ളികൾക്കപ്പുറം, മനുഷ്യത്വത്തെ ദൈവോന്മുഖ പ്രയാണത്തിൽ നിലനിർത്തുവാൻ വിശുദ്ധ കുർബാന മുഖാന്തിരമായി ഭവിക്കുന്നു.

ആഗസ്റ്റ് 31-ാം തീയതി, 'ഉണർവ്: മഹത്വ പ്രത്യക്ഷതക്കായി ഉള്ള ഒരുക്കം' എന്ന വിഷയമാണ് സഭ ധ്യാനിക്കുന്നത്. കർത്താവിന്റെ വീണ്ടെടുപ്പ് പ്രക്രിയയുടെ പൂർണ്ണതയാണ് മഹത്വ പ്രത്യക്ഷതയിൽ സംഭവിക്കുന്നത്. കർത്താവിന്റെ മഹത്വ പ്രത്യക്ഷതയ്ക്ക് വേണ്ടി, നിഷ്ക്രിയ കാത്തിരിപ്പിന്റെ ശൈലി അല്ല, പിന്നെയോ, ആ പൂർത്തീകരണത്തിന്റെ മുൻരുചി വർത്തമാനകാലത്ത്, അനുഭവമാക്കുകയും പങ്കുവെക്കുകയും ചെയ്യുന്നതാണ് ആവശ്യം. ചൂഷിതരുടെയും മുറിവേറ്റവരുടെയും മധ്യത്തിൽ ക്രിസ്തു സാന്നിധ്യമായി സഭയും സഭാ മക്കളും തീരുന്നതാണ് ഉണർവ്വ്.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
26.07.2025

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**